**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 130** **16-09-2025 - ൽ മറുപടിയ്ക്ക്**

**വെള്ളരിക്കുണ്ട് താലൂക്കിൽ ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പുതിയ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനായി സംസ്ഥാനത്ത് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് പുതിയ ഫയർ & റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനായി ഫയർ &റെസ്ക്യൂ സർവ്വീസസ് വകുപ്പ് പഠനം നടത്തി തയ്യാറാക്കിയ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>എ) പ്രദേശത്തെ ജനസാന്ദ്രത<br><br>ബി) റെസ്പോൺസ് ടൈം<br><br>സി) പ്രദേശത്തിന്റെ ഭൂപ്രകൃതി സംബന്ധമായ പ്രത്യേകത<br><br>ഡി) അപകടസാധ്യത, പ്രതികരണ സമയം, ഭൂപ്രകൃതി (പ്രദേശം) (Risk Factor, Response Time, Topography (Area))<br><br>ഇ) അപകടസാധ്യതയും, വിവിധ അപകടസാധ്യതയുള്ള സ്ഥലങ്ങളിലെ ഫയർ സ്റ്റേഷനുകൾ തമ്മിലുള്ള റോഡ്/വിമാനമാർഗമുള്ള ദൂരവും. (Risk factor, and the road/air distance between fire stations in areas with different levels of risk.)<br><br>എഫ്) മറ്റ് ഘടകങ്ങൾ.<br><br>i) നിർദ്ദിഷ്ട സ്ഥലത്ത് മുൻകാലങ്ങളിൽ പ്രകൃതി ദുരന്തങ്ങൾ ആവർത്തിച്ച ചരിത്രം<br><br>ii) നിർദ്ദിഷ്ട സ്ഥലത്തിനടുത്തുള്ള ഫയർ സ്റ്റേഷനിൽ അറ്റൻഡ് ചെയ്തുവരുന്ന അപകട സന്ദേശങ്ങളുടെ എണ്ണത്തിലെ വർദ്ധനവ്<br><br>iii) നിർദ്ദിഷ്ട സ്ഥലത്ത് വലിയ ജലാശയങ്ങൾ, കായലുകൾ, വലിയ പുഴകൾ, വ്യാപാര വ്യവസായ സ്ഥാപനങ്ങൾ എന്നിവയുടെ സാന്നിദ്ധ്യം. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്ത് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ ഇല്ലാത്ത താലൂക്കുകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | വെള്ളരിക്കുണ്ട് (കാസറഗോഡ്), അട്ടപ്പാടി (ട്രൈബൽ) (പാലക്കാട്), കൊണ്ടോട്ടി (മലപ്പുറം), മല്ലപ്പള്ളി (പത്തനം തിട്ട) |
| (സി) | വെള്ളരിക്കുണ്ട് താലൂക്കിൽ പരപ്പ വില്ലേജിൽ ബിരിക്കുളത്ത് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ? | (സി) | തത്വത്തിൽ അനുമതി നൽകിയിട്ടുള്ള ഫയർ സ്റ്റേഷനുകൾ ആരംഭിച്ചതിനു ശേഷം ആവശ്യകതയും മുൻഗണനയും വിലയിരുത്തി പുതിയവയുടെ നിർദ്ദേശങ്ങൾ പരിഗണിക്കാമെന്നതാണ് തീരുമാനം. പുതിയ ഫയർ സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് തീരുമാനമെടുക്കുന്ന ഘട്ടത്തിൽ വെള്ളരിക്കുണ്ട് താലൂക്കിൽ ബിരിക്കുളത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ